ശ്രീ. ഇട്ടീര അച്യുക്കൻ: ലത്തീൻകൃസ്ത്യൻ, സിറിയൻ കൃസ്ത്യൻ എന്നീ സമുദായങ്ങളെ സംഘടനകളായിട്ടാണോ, ഗവമ്മെണ്ട് പരിഗണിക്കുന്നത്?

**Mr. Speaker:** That question is not definite.

**Sri. D. Gnanasigamoni:** Is not this matter limited to appointments in the public service only?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ട് ഭാഗത്തുനിന്നു പറഞ്ഞിട്ടുള്ള മറുപടിയിൽ പബ്ലിക്ക സർവ്വീസിനെപ്പറ്റി പറഞ്ഞിട്ടില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: രാഷ്ട്രീയവും സാമുദായികവും എന്താണെന്നു ഗവമ്മെണ്ട് ഡിഫൈൻ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മിസ്റ്റർ ഗംഗാധരൻനായക്ക് അറിയാവുന്നതുപോലെ ഗവമ്മെണ്ടിനും അറിയാം. പ്രത്യേകമായ ഡെഫനിക്ഷന്റെ ആവശ്യമില്ല.

## പോലീസ് ഡിപ്പാർട്ടുമെണ്ടിലെ ഇൻസ്പെക്ടറന്മാർ

*൩൨൯. (൧) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.

(എ) പോലീസ് ഡിപ്പാർട്ടുമെണ്ടിലെ എത്ര ഇൻസ്പെക്ടറന്മാരെ കഴിഞ്ഞ ഡിപ്പാർട്ടുമെണ്ട് പരിഷ്കരണവേളയിൽ ഹെഡ്കാൺസ്റ്റബിൾമാരായി തരംതാഴ്ത്തിയിട്ടുണ്ട്;

(ബി) അവരിൽ എത്രപേർ മുൻ തിരുവിതാംകൂർ സർവ്വീസുകാരും മുൻ കൊച്ചി സർവ്വീസുകാരുമായിരുന്നു;

(സി) അപ്രകാരം തരം താഴ്ത്തുന്നതു എന്തു പരിഗണന വെച്ചായിരുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ആരെയും തരം താഴ്ത്തിയിട്ടില്ല.

(ബിയും സിയും) എ. യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: മുൻപു സബ് ഇൻസ്പെക്ടർമാരായി ജോലി നോക്കിയിട്ടുള്ള ആളുകളെ തരം താഴ്ത്തിയിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: തരം താഴ്ത്തിയിട്ടില്ല, റിവർട്ട ചെയ്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പരീക്ഷായോഗ്യതയുടെ മാനദണ്ഡം ഇങ്ങനെ റിവർട്ട ചെയ്യുന്നതിനു കാരണമായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതുമാത്രമല്ല, കുറെ സബ് ഇൻസ്പെക്ടർമാരെ റിടഞ്ചു ചെയ്യേണ്ടിവന്നപ്പോൾ ചിലരെ താല്ക്കാലികമായി റിവർട്ട ചെയ്തിട്ടുണ്ട്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: അങ്ങനെ എത്രപേരെ റിവർട്ട ചെയ്തിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: അഞ്ചാറുപേരെ റിവർട്ട ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly